## ആരോഗ്യവകുപ്പ് മേലധികാരിയുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം- ഡ്രൈവർ ഗ്രേഡ്-2 തസ്തികയിൽ നിന്നും ഡ്രൈവർ ഗ്രേഡ്-1 ലേയ്ക്കുള്ള ആനുപാതിക പ്രകാരമുള്ള ഉത്തരവ് സ്ഥാനക്കയറ്റം നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന
1. ഉത്തരവ് നം. എച്ച്.റ്റി5-90407/16/ആ.വ.ഡ തീയതി. 17.02.2017
2. 03.03.2017-ലെ ഇ1-304/2017 നമ്പരായിട്ടുള്ള എക്സൈസ് ഡെപ്യൂട്ടി കമ്മീഷണറുടെ കത്ത്
3. 23.2.17-ലെ ശ്രീ. റ്റി.ജി.അജയന്റെ അപ്പീൽ അപേക്ഷ

**ഉത്തരവ് നമ്പർ:എച്ച്റ്റി5-90407/16/ആ.വ.ഡ, തിയ്യതി:02.09.2017.**

പരാമർശം (1) പ്രകാരം ഡ്രൈവർ ഗ്രേഡ്-2 തസ്തികയിൽ ജോലിചെയ്തുവരുന്ന 69 ഡ്രൈവർമാർക്ക് ഡ്രൈവർ ഗ്രേഡ്-1 തസ്തികയിലേക്ക് ആനുപാതികസ്ഥാനക്കയറ്റം നൽകിക്കൊണ്ട് ഉത്തരവായിരുന്നു പ്രസ്തുത ഉത്തരവിൽ ടി ഉത്തരവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികളോ ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ ഉചിതമാർഗേണ രേഖാമൂലം അറിയിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ എറണാകുളം (പ്രസ്തുത റാങ്ക് ലിസ്റ്റിൽ 27-ാം റാങ്കുകാരനായ) ശ്രീ.അജയൻ.റ്റി.ജിയുടെ അപ്പീൽ ഉചിതമാർഗേണ അയച്ച് തന്നിരിക്കുന്നു.

ടിയാൻ ആരോഗ്യവകുപ്പിൽ പുതിയ പി.എസ്.സി ശുപാർശ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പിലേയ്ക്ക് മാറിപ്പോയ ജീവനക്കാരനാണ്. ടിയാൻ ആരോഗ്യവകുപ്പിൽ 30.06.2016 അപരാഹ്നം വരെ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

സീനിയോരിറ്റി ലിസ്റ്റിൽ നിന്നും27-ാം റാങ്കുകാരനായ ടിയാനെ പരാമർശം (1)-ൽ പറയുന്ന ഉത്തരവിൽ ഉൾപ്പെടുത്തുമ്പോൾ ടിയാന് 01.06.2015 (ജൂനിയറിന് ഡ്രൈവർ ഗ്രേഡ്-1 ആയി ഉദ്യോഗക്കയറ്റം നൽകിയ തീയതി) മുതൽ ഡ്രൈവർ ഗ്രേഡ്-1 തസ്തികയിലേക്ക് ആനുപാതിക സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടാകും പരാമർശം (2) പ്രകാരം ലഭിച്ച ടിയാന്റെ അപ്പീൽ, പരിഗണിച്ചപ്പോൾ മേൽ പറയുന്ന തീയതിമുതൽ ടിയാന് ആനുപാതിക സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടെന്ന് ബോദ്ധ്യപ്പെട്ടു.

മേൽ സാഹചര്യത്തിൽ ചുവടെ പറയുന്ന തീയതി മുതലുള്ള പ്രാബല്യത്തിൽ ഡ്രൈവർ ഗ്രേഡ്-1 തസ്തികയിലേയ്ക്ക് (10480-18300) പഴയത് 20000-45800 എന്ന ശമ്പള സ്കെയിലിൽ കെ.എസ്&എസ്.എസ്.ആർ പാർട്ട് II 31(എ) (i) പ്രകാരം ആനുപാതിക പ്രകാരമുള്ള താൽക്കാലിക സ്ഥാനക്കയറ്റം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | റാങ്ക് നം | പേര് | ജനന തീയതി | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 27 | ശ്രീ.അജയൻ.റ്റി.ജി | 08.05.1976 | 01.06.2015 |

പരാമർശം (1)ൽ പറയുന്ന നിർദ്ദേശങ്ങൾ എല്ലാം തന്നെ ടി ഉത്തരവിലും നിർബന്ധമായി പാലിക്കേണ്ടതാണ്.

ഒപ്പ്
പി.എം അജയഘോഷ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്.
ബന്ധപ്പെട്ട ജീവനക്കാർ (റെജിസ്ട്രേഡ്, മുഖാന്തിരം)

പകർപ്പ്:-
1. ജില്ലാ മെഡിക്കൽ ആഫീസർ എറണാകുളം
2. എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ എക്സൈസ് ഡിവിഷൻ ആഫീസ് എറണാകുളം പിൻ-682018
3. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

എസ്.എൻ .11.9